**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113** **04-07-2022 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ലിന്റെ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല് ലഭിക്കാത്തത് നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | (എ) | തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല് സമയബന്ധിതമായി ലഭ്യമാക്കാൻ കരാർ കമ്പനിക്ക് സാധിക്കാത്തത് നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നാളിതുവരെ ഏകദേശം 29.87 ലക്ഷം ടൺ കരിങ്കല്ലാണ് പുലിമുട്ട് നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുള്ളത്. പുലിമുട്ട് നിർമ്മാണം വൈകുന്നത് തുറമുഖത്തിന്റെ മറ്റ് നിർമ്മാണ പ്രവർത്തികളായ ഡ്രഡ്ജിംഗ് & റിക്ലമേഷൻ, ബർത്ത് നിർമ്മാണം തുടങ്ങിയവയുടെ പുരോഗതിയെ ബാധിക്കുകയും, തുറമുഖത്തിന്റെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുമുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി അയൽ സംസ്ഥാനങ്ങളിൽ നിന്ന് കരിങ്കല്ല് എത്തിക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ബി) | പദ്ധതിയ്ക്കായി തമിഴ്നാട്ടിലെ ക്വാറികളിൽ നിന്നും പാറ ലഭ്യമാക്കുന്നതിനും ഇത് തടസ്സരഹിതമായി റോഡ് മാർഗ്ഗം പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനുമായി തമിഴ്നാട് സർക്കാരിന്റെ സഹകരണം തേടിയിട്ടുണ്ട്. നാളിതുവരെ പദ്ധതിയ്ക്കായി ലഭ്യമാക്കിയ 39.78 ലക്ഷം ടൺ പാറയിൽ 13.36 ലക്ഷം ടൺ (33%) കരിങ്കല്ല് തമിഴ്നാട്ടിൽ നിന്നാണ് എത്തിച്ചിരിക്കുന്നത്. ഇനിയും കൂടുതൽ പാറ തമിഴ്നാട്ടിൽ നിന്നും എത്തിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ കരാർ കമ്പനിക്ക് നൽകി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ